പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3320

21/12/2012-ൽ മറുപടിക്ക്

## മാലിന്യ നിർമാർജനത്തിനുള്ള പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കെ. ജയചന്ദ്രൻ | | ശ്രീ. മഞ്ഞളാംകുഴി അലി<br>ബഹു: നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി | |
| (എ) | മാലിന്യ നിർമ്മാർജന പ്രവർത്ത നങ്ങൾക്കായി കമ്പനിരൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; നിർദ്ദിഷ്ട കമ്പനിയുടെ ആതറൈസഡ് ഷയർ ക്യാപിറ്റൽ എത്ര കോടിയാണ്; സർക്കാർ എടുക്കുന്ന ഷയർഎത്ര ശതമാനമായിരിക്കും; അവശേഷിക്കുന്ന ഷയർ നല്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ വിശദമാക്കാമോ; വ്യക്തികൾക്ക് ഷയർ നൽകുന്നുണ്ടോ; എങ്കിൽ വ്യക്തികളെ കണ്ടെത്തുന്നത് ഏത് മാനദണ്ഡപ്രകാ രമായിരിക്കും; | (എ) | കേരളത്തിലെ മാലിന്യസംസ്കരണത്തിനായി 'സിയാൽ' മോഡലിൽ 'കേരള വേസ്റ്റ് മാനേജ്മെന്റ് കമ്പനി' എന്ന നാമധേയത്തിൽ ഒരു കമ്പനി രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത കമ്പനിയെ സംബന്ധിച്ച വിശദാംശങ്ങൾ തയ്യാറാക്കിവരികയാണ്. |
| (ബി) | സംസ്ഥാനത്ത് മാലിന്യ നിർമ്മാർജന പ്രവർത്തനത്തിനുള്ള പദ്ധതി തയ്യാറാക്കപ്പെട്ടിട്ടുണ്ടോ; എന്തു തുക ചെലവ് പ്രതീക്ഷിക്കുന്നു; ഈ തുക എങ്ങിനെകണ്ടെത്താനാണുദ്ദേശിക്കുന്നത്; ഏതെങ്കിലും സ്വകാര്യ കമ്പനികളുമായി സഹകരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ സ്വകാര്യ കമ്പനിയെ കണ്ടെത്താനുള്ള നടപടി വിശദമാക്കാമോ? | (ബി) | സംസ്ഥാനത്ത് സ്വകാര്യ നിക്ഷേപത്തോടെ പബ്ലിക് പ്രൈവറ്റ് പാർട്ടണർഷിപ്പ് (പി പി പി) പ്രകാരം മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ നടപ്പിലാക്കാൻ തീരുമാനം എടുത്തിട്ടുണ്ട്. ഈ പദ്ധതിക്ക് എന്തു തുക ചെലവ് പ്രതീക്ഷിക്കുന്നുവെന്ന് അന്തിമമായി കണക്കാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ